# മുഹമ്മദ് അസ്‌ലം

**2010** ഫെബ്രുവരി 15 തിങ്കളാഴ്ച രാവിലെ. കണ്ണൂരിൽ നടന്ന രണ്ടു ദിവസത്തെ എസ്.ഐ.ഒ സംസ്ഥാന സമ്മേളന പ്രഖ്യാപനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ സമയം. തലേന്ന് രാത്രി മുഴുവൻ നീണ്ടുനിന്ന യാത്രയുടെ ക്ഷീണവും ഉറക്കച്ചടവും ബസ്സിലുള്ള മുഴുവൻ എസ്.ഐ.ഒ പ്രവർത്തകരുടെയും മുഖത്തുണ്ട്. അപ്പോഴാണ് പെട്രോൾ വിലവർധനക്കെതിരെ സോളിഡാരിറ്റി നടത്തുന്ന പ്രകടനത്തിലേക്ക് അവർ വന്നു ക്ഷണിച്ചത്. മുഴുവൻ എസ്.ഐ.ഒ പ്രവർത്തകരും അവരുടെ വീടുകളിലേക്കും ഉറക്കത്തിലേക്കും വലിഞ്ഞു, അസ്‌ലം ഒഴികെ. ക്ഷീണം മറന്ന് അവൻ നേരെ പോയത് തെരുവിലേക്ക്....

അസ്‌ലമിന്റെ ആത്മാർഥതക്കും ത്യാഗസന്നദ്ധതക്കും സഹപ്രവർത്തകരുടെ സ്മരണകളിൽ ഉദാഹരണങ്ങൾ നിരവധി. ബാല്യവും കൗമാരവും യൗവനവും ഇസ്‌ലാമിക പ്രസ്ഥാനത്തിന് നിഷ്കളങ്കമായി സമർപ്പിക്കാൻ കഴിഞ്ഞ ഭാഗ്യവാൻ. അല്ലാഹുവിനുള്ള ഇബാദത്തിൽ വളർന്ന യുവാവ്, മഹ്ശറയിൽ അല്ലാഹുവിന്റെ അർശിന്റെ തണലിലാണെന്ന് ഹദീസ്.

ഞങ്ങൾക്കിടയിലെ സൂഫിയായിരുന്നു അസ്‌ലം. കോട്ടയം എസ്.ഐ.ഒ മെമ്പേഴ്സ് ഗ്രൂപ്പിന്റെ മുറബ്ബി. സഹപ്രവർത്തകർക്കിടയിലെ ആത്മീയ സാന്നിധ്യം. വേഷത്തിലും ഭാവത്തിലും സംസാരത്തിലും കർമത്തിലും ആ ലാളിത്യവും സൗമ്യതയും പ്രകടമായിരുന്നു. കൗമാരത്തിന്റെ എല്ലാ ചാപല്യങ്ങൾക്കും മീതെയായിരുന്നു അവന്റെ ഇസ്‌ലാമിക വ്യക്തിത്വം.

സൗമ്യനായിരുന്നു അസ്‌ലം. തന്നോട് ദേഷ്യപ്പെടുന്നവർക്കും കളിയാക്കുന്നവർക്കും മുമ്പിൽ ശാന്തതയോടെ മൗനം പാലിക്കും. മറുത്തൊന്നും പറയില്ല. ഏതെങ്കിലും ഒരു പ്രസ്ഥാന പരിപാടി ഉദ്ദേശിച്ചത്ര വിജയിച്ചില്ലെങ്കിൽ ഞങ്ങൾ അതിന്റെ കാരണങ്ങൾ അസ്വസ്ഥതയോടെ ചികയുമ്പോൾ, ഒട്ടും നിരാശ ബാധിക്കാത്ത മുഖവും മനസ്സുമായി അസ്‌ലം



ഞങ്ങൾക്കിടയിൽ ഇരിപ്പുണ്ടാവും.

വർഷങ്ങളായി എസ്.ഐ.ഒ ജില്ലാ സമിതിയിലെ സജീവ സാന്നിധ്യം. പ്രായംകൊണ്ട് ഞങ്ങളെക്കാൾ ചെറുപ്പമായിരുന്നുവെങ്കിലും, അറിവുകൊണ്ടും പ്രാസ്ഥാനിക അനുഭവങ്ങൾ കൊണ്ടും സഹപ്രവർത്തകർക്കിടയിൽ സീനിയർ ആയിരുന്നു അസ്‌ലം. പതിനെട്ടാം വയസ്സിൽ എസ്.ഐ.ഒ മെമ്പറായി. വലിയ സ്വപ്നങ്ങളാണ് ജില്ലാസമിതിയിൽ അസ്‌ലം അവതരിപ്പിക്കുക. അപ്രായോഗികമെന്ന് പറഞ്ഞ് സഹപ്രവർത്തകർ കളിയാക്കിയാലും അത്തരം വലിയ അജണ്ടകളുമായിട്ടായിരിക്കും അടുത്ത സമിതിയിലും അസ്‌ലമിന്റെ വരവ്.

ഏതു പ്രതിസന്ധിയിലും അസ്‌ലം നിർഭയൻ (*അസ്‌ലം*) ആയിരുന്നു. എസ്.എഫ്.ഐ-എ.ബി.വി.പി സംഘർഷങ്ങൾക്ക് കുപ്രസിദ്ധമായ നാട്ടകം ഗവൺമെന്റ് കോളേജിൽ, യു.യു.സി പോസ്റ്റിലേക്ക് എസ്.ഐ.ഒവിന്റെ ബാനറിൽ നോമിനേഷൻ കൊടുത്ത അസ്‌ലമിനെ എസ്.എഫ്.ഐക്കാർ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അസ്‌ലം വഴങ്ങിയില്ല. അവസാനം ഒറ്റക്ക് വന്ന അസ്‌ലമിനെ ഒരു മുറിയിൽ കൊണ്ടുപോയി പൂട്ടിയിടേണ്ടിവന്നു ആ ഭീരുക്കൾക്ക്. കേരളത്തിലെ എസ്.എഫ്.ഐ കോട്ടയായ സി.എം.എസ് കോളേജിനു മുമ്പിൽ എസ്.ഐ.ഒവിന്റെ കൊടിമരം ഒറ്റക്ക് നാട്ടി അവൻ. 'അസ്‌ലം, നീ എങ്ങനെ അതു ചെയ്യും?' എന്ന സഹപ്രവർത്തകരുടെ ചോദ്യത്തിന്, 'അതെനിക്ക് വിട്ടേക്കൂ, നിങ്ങളറിയണ്ട' എന്നായിരുന്നു അവന്റെ ഉത്തരം. പാതിരാത്രിക്ക് പോസ്റ്റർ ഒട്ടിക്കാൻ ഇറങ്ങുമ്പോൾ, 'ഒറ്റക്ക് പോവണ്ട അസ്‌ലം മോനേ' എന്ന ഉമ്മയുടെ സ്നേഹസ്വരത്തിന് മുമ്പിൽ 'നല്ല കാര്യത്തിനല്ലേ, ഒന്നും സംഭവിക്കില്ല' എന്നായിരുന്നു ആ രാപ്പകൽ പോരാളിയുടെ പതിവു മറുപടി.

കുടുംബക്കാരുടെ പ്രിയപ്പെട്ട 'അസ്‌ലം മോൻ' ആയിരുന്നു ഞങ്ങളുടെ അസ്‌ലം. എസ്.ഐ.ഒ പ്രവർത്തനങ്ങൾക്കായി ഓടി നടക്കുന്ന അസ്‌ലമിനെ ബന്ധുമിത്രാദികൾ ശകാരിക്കുമ്പോഴും അവനോടുള്ള സ്നേഹവും ആദരവും മനസ്സിൽ കാത്തുസൂക്ഷിച്ചു. പക്ഷേ, രക്തബന്ധത്തേക്കാൾ വലുതായിരുന്നു ആ 'ചെറിയ' വലിയ മനുഷ്യന്റെ പ്രസ്ഥാനവും പ്രവർത്തകരുമായുള്ള ഇഴയടുപ്പം. "കുടുംബത്തിനുണ്ടായ നഷ്ടത്തേക്കാൾ വലുതാണ്, അവന്റെ വേർപാട് മൂലം നിങ്ങളുടെ പ്രസ്ഥാനത്തിന് ഉണ്ടായത്"- മുജാഹിദ് പ്രവർത്തകനായ അസ്‌ലമിന്റെ അളിയന്റെ സാക്ഷ്യം.

വായന അസ്‌ലമിന് ലഹരിയായിരുന്നു. പുസ്തകങ്ങളെ അവൻ സ്നേഹിച്ചു. എപ്പോഴും ഇസ്‌ലാമികവും പ്രാസ്ഥാനികവുമായ സംശയങ്ങളും അന്വേഷണങ്ങളുമായി പലരെയും സമീപിക്കുമായിരുന്നു. സംഘടനാ പരിപാടികളുടെ തീയതിയും സമയവുമൊക്കെ തന്റെ സന്തത സഹചാരിയായ ഡയറിയിൽ കുറിച്ചിടും. വർഷങ്ങൾക്കോ മാസങ്ങൾക്കോ മുമ്പ് നടന്ന പരിപാടിയുടെ തീയതി അറിയാൻ, ജില്ലാസമിതിയിൽ ഞങ്ങളുടെ റഫറൻസ് അസ്‌ലമിന്റെ ഡയറി ആയിരിക്കും. "വീട്ടിൽ എവിടെ നോക്കിയാലും അസ്‌ലം മോന്റെ കുറിപ്പുകളും ഡയറിയെഴുത്തുകളും മാത്രമേ കാണാനുള്ളൂ"-ഉമ്മയുടെ വാക്കുകൾ.

പ്രസ്ഥാനം അസ്‌ലമിന് അമാനത്തായിരുന്നു. അവനെ ഏൽപിക്കുന്ന ചുമതലകളെക്കുറിച്ച്, എന്തുകൊണ്ട് അത് ചെയ്തില്ല എന്ന് നേതൃത്വത്തിന്

ഒരിക്കലും ചോദിക്കേണ്ടിവന്നിട്ടില്ല. ജില്ല യിൽ എസ്.ഐ.ഒ ദുർബലമായപ്പോഴും സജീവമായപ്പോഴും തളരാത്ത മനസ്സു മായി ഇസ്തിഖാമത്തോടെ അസ്‌ലം കർമരംഗത്ത് നിലയുറപ്പിച്ചു. മാസ ങ്ങൾക്ക് മുമ്പ്, കോട്ടയം ജില്ലയിൽ മതി യായ നേതൃത്വമില്ലാതെ അനാഥമാകുന്ന സാഹചര്യം ഉണ്ടായപ്പോൾ, ജില്ലാ പ്രസി ഡന്റായി തെരഞ്ഞെടുക്കപ്പെട്ട അസ്‌ലം പല പ്രയാസങ്ങളും ഉണ്ടായിരിക്കെ പരി ഭവങ്ങളൊന്നും പറയാതെ ഏറ്റെടുക്കു കയായിരുന്നു.

സ്വർഗത്തിൽ, നമസ്കാരത്തിനും നോമ്പിനുമൊക്കെ പ്രത്യേകം പ്രത്യേകം വാതിലുകൾ ഉണ്ടെന്ന് ഹദീസുകളിൽ കാണാം. ദീനീ മാർഗത്തിലെ വിയർപ്പാ റാത്ത പരിണാമത്തിന് ഒരു കവാടം സ്വർഗത്തിൽ ഉണ്ടെങ്കിൽ, അതിലൂടെ പ്രവേശിക്കുന്ന ഭാഗ്യവാന്മാരുടെ മുൻനി രയിൽ ഞങ്ങളുടെ പ്രിയ സഹോദരൻ ഉണ്ടാകും... തീർച്ച!

**പി.എസ്.എം യാസിർ**
**ഈരാറ്റുപേട്ട**

## വി.കെ അബ്ദുൽ ഹഖ്



**മർഹൂം** വി.കെ ഇസ്സുദ്ദീൻ മൗല വിയുടെ മക്കളിൽ പിതാവിനോട് ഏറെ ശാരീരിക സാദൃശ്യമുള്ളത് അബ്ദുൽ ഹഖ് സാഹിബിനായിരുന്നു. നീണ്ട താടിയും സദാ പുഞ്ചിരിക്കുന്ന മുഖവു മായി അദ്ദേഹത്തെ കണ്ടാൽ പിതാ വിന്റെ ചിത്രം ഓർമയിൽ തെളിയും. ആരെയും കൂസാത്ത പ്രകൃതം, അൽഭു തകരമായ തവക്കുൽ, സാമ്പത്തിക രംഗ ങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത കണിശത, കാരുണ്യം നിറഞ്ഞ മനസ്സ്, അതായി രുന്നു വി.കെ അബ്ദുൽ ഹഖ്.

രോഗികളെ സന്ദർശിക്കുകയും സ ഹായിക്കുകയും ചെയ്യുക അദ്ദേഹത്തി ന്റെ ശീലമായിരുന്നു. ഹൽഖാ യോഗങ്ങ ളിൽ ചുറ്റുവട്ടത്തുള്ള രോഗികളുടെയും അശരണരുടെയും പ്രയാസങ്ങൾ അറി യുന്നത് അധികവും അദ്ദേഹത്തിലൂടെ യാണ്. വർഷങ്ങൾക്കു മുമ്പേ ബൈപാ സ് സർജറി നിർദേശിക്കപ്പെട്ടിട്ടും അതി നു വഴങ്ങാതെ കർമഭൂമിയിൽ അദ്ദേഹം നിലകൊണ്ടു. സ്വയം രോഗിയായി ഒതു ങ്ങാതെ മറ്റു രോഗികളെ ആശ്വസിപ്പിച്ച് അക്ഷീണം വീടുകൾ കയറിയിറങ്ങുന്ന ആ വ്യക്തിത്വം ഒരു വിസ്മയം തന്നെ യായിരുന്നു. പലപ്പോഴും തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെടുമ്പോൾ സുസ്മേരവദനനായി സന്ദർശകരെ കൈയുയർത്തി അഭിവാദ്യം ചെയ്യുന്ന രംഗം മറക്കാനാവില്ല.

സകാത്ത് നൽകുന്നതിലെ കണി ശത, പലിശ ഇടപാടുകളോട് പുലർത്തിയ അകൽച്ച, സ്വന്തം കച്ചവട സ്ഥാപനം അഗ്നിക്കിരയായി ലക്ഷങ്ങ ളുടെ നഷ്ടം സംഭവിച്ചപ്പോഴും എനിക്ക് അല്ലാഹുവിന്റെ ഇൻഷൂർ മതി എന്ന നിലപാടിൽ ഉറച്ച് നിൽക്കാനുള്ള വിശ്വാസ ദാർഢ്യവും തവക്കുലും അബ്ദുൽ ഹഖ് സാഹിബിനെ വ്യതിരി ക്തനാക്കി.

ദീർഘകാലം ജമാഅത്തെ ഇസ്‌ലാമി പടിഞ്ഞാറ്റുമുറി ഘടകത്തിന്റെ നാസിമായും ഹിറാ വെൽഫയർ ട്രസ്റ്റ് ചെയർമാനായും സേവനം അനുഷ്ഠിച്ചു. കുടുംബത്തെ പ്രസ്ഥാനത്തോട് ചേർത്തുനിർത്തി. അല്ലാഹുവേ, ഞങ്ങ ളുടെ പ്രിയ സഹോദരനു സ്വർഗത്തിൽ ഇടം നൽകി അനുഗ്രഹിക്കേണമേ. ആമീൻ.

**എൻ.കെ അബ്ദുൽ**
**അസീസ്**
**പടിഞ്ഞാറ്റുമുറി**

## എ.എം ശരീഫ്

**ആലപ്പുഴ** ഏരിയയിലെ ആദ്യ കാല ജമാഅത്ത് പ്രവർത്തകരിൽ ഒ രാളും ജമാഅത്ത് അംഗവുമായിരുന്നു എ.എം ശരീഫ് സാർ.



1955-ൽ ആലപ്പുഴയിലെ അ ന്നത്തെ പൊതുവേദിയും അറിയപ്പെ ടുന്ന സ്ഥാപനവുമായിരുന്ന മദ്റസ

ത്തുൽ മുഹമ്മദിയായിലാണ് തന്റെ അധ്യാപനവൃത്തി തുടങ്ങിയത്. 1956-58 കാലഘട്ടങ്ങളിൽ ഇസ്സുദ്ദീൻ മൗലവി ആ സ്ഥാപനത്തിൽ വന്നു നടത്തിയ ക്ലാസുകളിലൂടെയാണ് ശരീഫ് സാർ ഇസ്‌ലാമിക പ്രസ്ഥാനത്തിൽ ആകൃഷ്ടനാകുന്നത്. 1968-ൽ അദ്ദേഹം ജമാഅത്ത് അംഗമായി. അടിയന്തരാവസ്ഥക്ക് ശേഷം മൂവാറ്റുപുഴ ബനാത്തിലും അധ്യാപകനായി ജോലി നോക്കിയിട്ടുണ്ട്. വാഹന സൗകര്യങ്ങൾ കുറവായിരുന്ന ആദ്യകാലങ്ങളിൽ ദൂരസ്ഥലങ്ങളിൽ പോയി സ്‌ക്വാഡുകൾ നടത്താനും വനിതാ ക്ലാസുകൾ സംഘടിപ്പിക്കാനും അദ്ദേഹം മുന്നിലുണ്ടായിരുന്നു. ആലപ്പുഴയിൽ മർകസ് മസ്ജിദിലെ ഇമാമായി സേവനമനുഷ്ഠിച്ചു. ആലപ്പുഴ പ്രാദേശിക ജമാഅത്തിന്റെ സെക്രട്ടറിയുമായിരുന്നു. അധ്യാപന വൃത്തിയിൽനിന്ന് കിട്ടുന്ന തുഛമായ വരുമാനംകൊണ്ട് ജീവിതം നയിച്ച അദ്ദേഹം ലാളിത്യത്തിന്റെ ഉടമയായിരുന്നു. ■

**കെ.എസ് അഷ്‌റഫ് ആലപ്പുഴ**